ഉത്തരം

(എ) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്.

വർഷം	തുക (ലക്ഷത്തിൽ)
2011-12	18160.05
2012-13	15344.33
2013-14	21741.849
2014-15 (2015 ഫെബ്രുവരി വരെ)	15457.050
ആകെ	70703.279

(ഡി) കേന്ദ്ര വിഹിതത്തിന് ആനുപാതിക സംസ്ഥാന വിഹിതം പൂർണ്ണമായും നൽകിയിട്ടുണ്ട്.

(ഇ&എഫ്) ബാധകമല്ല.

എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ

7 (1403) ശ്രീ. റ്റി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികസന പരിശീലന കേന്ദ്രങ്ങൾക്ക് (എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ) ലഭിക്കുന്ന കേന്ദ്ര ധനസഹായം ഏത് മേഖലയിൽ എത്ര തുകയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ ഇ.റ്റി.സി.-കൾ ആരംഭിക്കുന്നതിന്, കേന്ദ്ര സർക്കാർ ധനസഹായം നൽകുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം പ്രവർത്തനങ്ങൾക്ക് എത്ര തുക വീതം നൽകുന്നുണ്ട് ;

(സി) കേന്ദ്ര സർക്കാരിന്റെ ധനസഹായം പ്രയോജനപ്പെടുത്തി കോതമംഗലത്ത് ഒരു മോഡൽ വികസന പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റെക്കറിംഗ് ഗ്രാന്റ് ഇനത്തിൽ 20 ലക്ഷം രൂപ വീതം വികസന പരിശീലന കേന്ദ്രങ്ങൾക്ക് പ്രതിവർഷം ധനസഹായമായി ലഭിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിന് പ്രോജക്ട് സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നോൺ റെക്കറിംഗ് ഗ്രാന്റ് ഇനത്തിലും വികസന പരിശീലന കേന്ദ്രങ്ങൾക്ക് സഹായം ലഭിക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള ധനസഹായം

8 (1404) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എ.വൈ. പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം അനുവദിച്ചവർക്ക് നൽകുവാനുള്ള തുകയിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ ; എങ്കിൽ കാലയളവ് വിശദീകരിക്കാമോ ;

(ബി) വൈപ്പിൻ മണ്ഡലത്തിലെ എത്ര ഗുണഭോക്താക്കൾക്കാണ് ഇത്തരത്തിൽ ധനസഹായം നൽകുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുള്ളതെന്നും ഏതു കാലയളവു മുതലെന്നും വിശദീകരിക്കാമോ ;

(സി) ധനസഹായം യഥാസമയം ലഭ്യമാക്കുന്നതിലുള്ള തടസ്സമെന്തെന്നും ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടിയെന്തെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇന്ദിര ആവാസ് യോജന പ്രകാരമുള്ള കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ നൽകുന്നതിൽ കുടിശ്ശിക വരുത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്ത് യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതിൽ 2012-13 മുതൽ സംസ്ഥാന സർക്കാർ അധികമായി നൽകുന്ന തുകയിൽ കുടിശ്ശിക വന്നിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ത്രിതല പഞ്ചായത്തുകൾ 2014-15 പദ്ധതി വിഹിതത്തിൽ തൻവർഷം ചെലവഴിക്കാൻ സാധ്യതയില്ലാത്ത ഫണ്ട് ഐ.എ.വൈ.-യുടെ അധിക സംസ്ഥാന വിഹിതമായി നൽകുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ ഹഡ്കോയിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly